# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,

No.VLC1/150563/21(A&VB4) തിരുവനന്തപുരം, തീയതി:20.06.2025

## കാരണം കാണിക്കൽ നോട്ടീസ്

തിരു.സെൻട്രൽ യൂണിറ്റിലെ ജൂനിയർ അസിസ്റ്റന്റായ ശ്രീമതി.സൂര്യ.എസ്.സുരേന്ദ്രൻ എന്ന താങ്കൾക്ക് 12.09.2013 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ചിരുന്നു. താങ്കൾ ടി അവധി കാലാവധി കഴിഞ്ഞിട്ടും ജോലിക്ക് പ്രവേശിക്കാതെ 12.09.2018 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നു. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും, മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് കുറ്റകരമാണ്. ആയത് ആഫീസിന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽകാരണങ്ങളാൽ തിരു.സെൻട്രൽ യൂണിറ്റിലെ ജൂനിയർ അസിസ്റ്റന്റായ ശ്രീമതി.സൂര്യ.എസ്.സുരേന്ദ്രൻ എന്ന താങ്കൾക്ക് 1960 –ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 30.01.2023 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രം താങ്കളുടെ മേൽവിലാസത്തിൽ കൈമാറിയിട്ടും താങ്കൾ ആയതിന് മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്. തുടർന്ന് നിശ്ചിത സമയ പരിധിയ്ക്ക് ശേഷം ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി തിരു.സൗത്ത് ജില്ലാധികാരിയ്ക്ക് കൈമാറുകയും അന്വേഷണ ഉദ്യോഗസ്ഥൻ താങ്കൾക്ക് മതിയായ അവസരം നൽകിയിട്ടും താങ്കൾ വിചാരണയ്ക്ക് ഹാജരാകാത്തതിനെ തുടർന്ന് ലഭ്യമായ രേഖകളുടെയും സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 19.06.2023 തീയതിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് 29.06.2023 തീയതിയായി താങ്കൾക്ക് അയച്ചു നൽകിയിട്ടുള്ളതുമാണ്.

ഫയലും, അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിന് തൃപ്തികരമായ വിശദീകരണം നൽകുന്നതിൽ താങ്കൾ പരാജയപ്പെട്ടു. 12.09.2018 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽപ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത കുറ്റത്തിന് കഠിനമായ ശിക്ഷയ്ക്ക് താങ്കൾ അർഹയുമാണ്.

ആകയാൽ ശ്രീമതി.സൂര്യ.എസ്.സുരേന്ദ്രൻ എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും,നിയന്ത്രണവും ,അപ്പീലും)ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. എതിർവാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ, വിശദീകരണമോ നല്കുവാനില്ലായെന്നു കണ്ട് അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എ.ഷാജി
(ഗവ: അഡീഷണൽ സെക്രട്ടറി)